'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

<u>പത്തൊമ്പതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 777 04.03.2020 ൽ മറുപടിയ്ക്ക്

## ഉത്സവാഘോഷങ്ങളിലെ എഴുന്നള്ളത്തിന് ആവശ്യാനുസരണം ആനകൾ

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര നാട്ടാനകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവ എത്ര ഉടമസ്ഥരുടെ കീഴിലാണെന്ന് വെളിപ്പെടുത്താമോ; | (എ) | 29/11/2018-ൽ നടന്ന നാട്ടാനകളുടെ സെൻസസ് പ്രകാരം കേരളത്തിൽ 5 2 1 നാട്ടാനകൾ ഉണ്ടായിരുന്നു. നിലവിൽ സംസ്ഥാനത്ത് 496 നാട്ടാനകൾ ഉണ്ട്. |
| (ബി) | 2016, 2017, 2018, 2019 എന്നീ വർഷങ്ങളിൽ എത്ര ആനകൾ സംസ്ഥാനത്ത് ചരിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2016 - 23 എണ്ണം<br>2017 - 18 എണ്ണം<br>2018 - 34 എണ്ണം<br>2019 - 19 എണ്ണം |

| ക്രമ നം. | ഉടമസ്ഥർ / കൈവശക്കാർ | 29/11/2018-ലെ നാട്ടാനകളുടെ സെൻസസ് പ്രകാരം | 28/02/2020-ലെ കണക്ക് പ്രകാരം |
|---|---|---|---|
| 1. | വനം വകുപ്പ് | 39 | 38 |
| 2. | സർക്കാർ ദേവസ്വം | 87 | 83 |
| 3. | സ്വകാര്യ ദേവസ്വം | 42 | 41 |
| 4 | സ്വകാര്യ വ്യക്തികൾ | 353 | 334 |
| | ആകെ | **521** | **496** |

| | | | |
|---|---|---|---|
| (സി) | നൂറുകണക്കിന് ഉത്സവങ്ങളും, പെരുന്നാളുകളും, നേർച്ചകളും ആഘോഷിക്കപ്പെടുന്ന സംസ്ഥാനത്ത് ആവശ്യമായ എണ്ണം ആനകളെ എഴുന്നള്ളത്തിന് ലഭിക്കുന്നില്ല എന്ന ആഘോഷ കമ്മിറ്റിക്കാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ആഘോഷങ്ങൾ നമ്മുടെ മതേതരത്വമൂല്യങ്ങൾ സംരക്ഷി ക്കപ്പെടുന്നതിന് വലിയതോതിൽ സഹായിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഉത്സവാഘോഷങ്ങളിലെ എഴുന്നള്ളത്തിന് ആവശ്യത്തിന് ആനകളെ ലഭ്യമാക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കുവാൻ കഴിയുക എന്ന് വകുപ്പ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഉത്സവങ്ങൾക്ക് ആവശ്യമായ ആനകളെ ലഭ്യമാക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് നടപടികൾ ഒന്നും സ്വീകരിക്കാൻ ആലോചിച്ചിട്ടില്ല. കേരളത്തിൽ 500-ഓളം നാട്ടാനകൾ നിലവിലുണ്ട്. നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട് ടി ആനകളെ ആഘോഷങ്ങൾക്കും ഉത്സവ — ങ്ങൾക്കും പങ്കെടുപ്പിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ